## സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകളുടെ വൃദ്ധസദനങ്ങൾക്കുള്ള ഗ്രാന്റ് കുടിശ്ശിക

**301 (1674)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളുടെ എണ്ണമെത്രയാണെന്ന് അറിയിക്കാമോ ;

(ബി) ഇവ ഓരോന്നിനും നൽകിവരുന്ന ഗ്രാന്റിനെ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ;

(സി) ഗ്രാന്റ് വിതരണത്തിൽ ഇപ്പോൾ കുടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) ഗ്രാന്റ് വിതരണത്തിലെ കുടിശ്ശിക എന്ന് തീർക്കാൻ കഴിയുമെന്നറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 532 വൃദ്ധസദനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ നടത്തുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) കുടിശ്ശിക ഉണ്ട്. വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) തുക ലഭ്യമാകുന്നമുറയ്ക്ക് ഗ്രാന്റ് കുടിശ്ശിക നൽകുന്നതാണ്.

## സാമൂഹ്യസുരക്ഷയ്ക്കും ക്ഷേമത്തിനും വകയിരുത്തിയ തുക

**302 (1675)** ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ സാമൂഹിക സുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി എത്ര കോടി രൂപയാണ് വകയിരുത്തിയിരുന്നത് ;

(ബി) അതിൽ ഓരോ മേഖലയ്ക്കും എത്ര തുക അനുവദിച്ചു ; എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത മേഖലയ്ക്കായി തുക മാറ്റി വച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 2014-15 സാമ്പത്തിക വർഷത്തിൽ സാമൂഹിക സുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി അനുവദിച്ചതും ചെലവഴിച്ചതുമായ തുക (ഉപധനാഭ്യർത്ഥനയും അധികധന സഹായവുമുൾപ്പെടെ) സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| മേഖല | അനുവദിച്ച തുക (കോടിയിൽ) | ചെലവഴിച്ച തുക (കോടിയിൽ) |
|---|---|---|
| സാമൂഹിക സുരക്ഷയ്ക്കും ക്ഷേമത്തിനും | 835.5 | 822.42 |
| പോഷകാഹാരം | 541.92 | 379.39 |

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത മേഖലയ്ക്കായി അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

| മേഖല | അനുവദിച്ച തുക (കോടിയിൽ) |
|---|---|
| സാമൂഹിക സുരക്ഷയ്ക്കും ക്ഷേമത്തിനും | 832.18 |
| പോഷകാഹാരം | 554.94 |

## സ്കൂൾ കൗൺസിലർമാരുടെ സേവന - വേതന വ്യവസ്ഥകൾ

**303 (T1676)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സാമൂഹ്യനീതി വകുപ്പിലെ സ്കൂൾ കൗൺസിലർമാരുടെ സേവന-വേതന വ്യവസ്ഥകൾ വ്യക്തമാക്കാമോ ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിലെ സ്കൂൾ കൗൺസിലർമാരുടെ സേവന -വേതന വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.